(ബി) പ്രസ്തുത ജില്ലയിൽ മേൽകാലയളവിൽ നിലവിൽ വന്ന പി.എസ്.സി. ലിസ്റ്റുകൾ ഏതെല്ലാമെന്നും അതിൽ നിന്നുമുള്ള നിയമനങ്ങൾ എത്രവരെയായെന്നും പറയാമോ;

(സി) പ്രസ്തുത ജില്ലയിൽ നിലവിലുണ്ടായിരുന്നതും ഈ സർക്കാർ കാലയളവിൽ നിലവിൽ വന്നതും ഒരാളെ പോലും നിയമിക്കാതെ ക്യാൻസലായതുമായ ലിസ്റ്റുകൾ ഏതെല്ലാമാണെന്ന പറയാമോ; ഇപ്രകാരമുള്ള ലിസ്റ്റുകളിൽ നോട്ടിഫിക്കേഷൻ വന്ന കാലത്ത് ഉണ്ടായിരുന്ന ഒഴിവുകളിലേയ്ക്ക് പോലും നിയമനം നടത്താതിരുന്ന ലിസ്റ്റുകൾ ഏതെല്ലാമാണെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ കാലയളവിൽ ആലപ്പുഴ ജില്ലയിൽ പി.എസ്.സി. റാങ്ക് പട്ടികയിൽ നിന്നും ഇതുവരെ ആകെ 4456 പേർക്ക് നിയമന ശിപാർശ നൽകിയിട്ടുണ്ട്.

(ബി) ഈ സർക്കാരിന്റെ കാലയളവിൽ നിലവിൽ വന്ന ആലപ്പുഴ ജില്ലയ്ക്കായുള്ള പി.എസ്.സി. റാങ്ക് പട്ടികകളും അതിൽ നിന്നുള്ള നിയമന വിവരങ്ങളും അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(സി) ഇപ്രകാരമുള്ള ലിസ്റ്റുകളൊന്നും തന്നെ നിലവിലില്ല.

ഇടുക്കി ജില്ലയിൽ ക്ലാർക്ക് തസ്തികയിൽ നിയമനം

44 (1780) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിൽ ക്ലാർക്ക് തസ്തികയിലെ പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിൽ വന്നത് എന്നാണ്; ഇതുവരെ എത്ര പേർക്ക് നിയമന ശിപാർശ നൽകിയിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(ബി) 2016 ജനുവരി 31 വരെ റിപ്പോർട്ട് ചെയ്തതിൽ നിയമന ശിപാർശ നൽകാത്ത എത്ര ഒഴിവുകൾ ഉണ്ട്;യഥാസമയം നിയമന ശിപാർശ നൽകാതിരിക്കാനിടയായ സാഹചര്യം വിശദീകരിക്കാമോ;

(സി) യഥാസമയം ഒഴിവുകൾ റിപ്പോർട്ട് ചെയ്യാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 31-3-2015 -ൽ നിലവിൽ വന്നു. 11-12-2015 വരെ ആകെ 64 പേർക്ക് നിയമന ശിപാർശ നൽകിയിട്ടുണ്ട്.

(ബി) 2016 ജനുവരി 31 വരെ ലഭിച്ച 39 ഒഴിവുകളിലേയ്ക്ക് നിയമന ശിപാർശാ നടപടികൾ പുരോഗമിക്കുന്നു.

(സി) നിലവിലുള്ളതും, 2016-ലെ പ്രതീക്ഷിത ഒഴിവുകളും പി.എസ്.സി.-യെ അറിയിക്കാൻ എല്ലാ നിയമനാധികാരികൾക്കും സർക്കാർ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

ലാസ്റ്റ് ഗ്രേഡ് സബോർഡിനേറ്റ് സർവ്വീസ്

45 (1781) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലാസ്റ്റ് ഗ്രേഡ് നിയമനത്തിനായി സെക്രട്ടേറിയറ്റിൽ പുതുതായി നടപ്പിലാക്കുന്ന ലാസ്റ്റ് ഗ്രേഡ് സബോർഡിനേറ്റ് സർവ്വീസ് ചട്ടത്തിന്റെ പരിധിയിൽ പി.എസ്.സി.യെ കൂടി ഉൾപ്പെടുത്തുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കാമോ?

ഉത്തരം

ഇത് സംബന്ധിച്ച് സർക്കാർ ഇതുവരെ തീരുമാനം ഒന്നും എടുത്തിട്ടില്ല.

സിസ്റ്റം ഓഡിറ്റ്

46 (1782) ശ്രീ. എം. പി. വിൻസെന്റ് : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കേരള പി.എസ്.സി.-യിൽ സിസ്റ്റം ഓഡിറ്റ് നടപ്പിലാക്കുമോ ?

ഉത്തരം

കേരള പബ്ലിക് സർവ്വീസ് കമ്മീഷനിൽ നിലവിൽ സിസ്റ്റം ഓഡിറ്റ് എന്ന സമ്പ്രദായം നടത്തിവരുന്നില്ല. കമ്പ്യൂട്ടറും മറ്റ് അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിന്റെ നിയമവശം അക്കൗണ്ടന്റ് ജനറൽ ആഡിറ്റ് ചെയ്യുവരുന്നു. വെബ്സൈറ്റിന്റെ system security audit നടത്തുന്നതിനായി Standardisation Testing and Quality Certification (STQC)യെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly